## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3396

10.12.2018-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള<br>,, സി.മമ്മൂട്ടി<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, അബ്ദുൽ ഹമീദ് പി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കേരള തീരത്തു നിന്നും മത്സ്യബന്ധനത്തിനായി പോകുന്ന ബോട്ടുകൾ കപ്പലിടിച്ച് അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്.<br>കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് കേരളത്തിൽ ഇത്തരം 7 അപകടങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. |
| (ബി) | ചരക്കു കപ്പലുകൾ നിയമം തെറ്റിച്ച് തീരത്തേക്ക് കടന്നുവരുന്നതാണ് അപകട കാരണമെന്ന മത്സ്യത്തൊഴിലാളികളുടെ പരാതി പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ അതിനനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (ബി) | ചരക്ക് കപ്പലുകൾ നിയമം തെറ്റിച്ച തീരത്തേക്ക് വരാറില്ല. അവ കപ്പൽചാലിലൂടെ മാത്രമേ പോകാറുള്ളൂ. അന്താരാഷ്ട്ര കപ്പൽചാൽ നമ്മുടെ രാജ്യത്തിന്റെ തെക്ക് പടിഞ്ഞാറ് വിഴിഞ്ഞം മുതൽ ബേപ്പൂർ വരെ 12 നോട്ടിക്കൽ മൈലിന് അടുത്ത് കൂടിയാണ് കടന്ന് പോകുന്നത്. മാത്രവുമല്ല സൗത്ത് ഈസ്റ്റ് ഏഷ്യയേയും സൂയസ് കനാലിനേയും ബന്ധിപ്പിക്കുന്ന നേരിട്ടുള്ള കടൽപ്പാത കൂടിയാണ് ഈ മേഖല. അതുപോലെ ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും കൂടുതൽ മത്സ്യസമ്പത്ത് ലഭ്യമാകുന്ന മേഖല കൂടിയാണിത്. അതുകൊ ണ്ട് തന്നെ അപകട സാധ്യത കൂടിയ മേഖലയാണിത്. സംസ്ഥാനത്തിന്റെ അധികാര പരിധിക്ക് പുറത്ത് 12 നോട്ടിക്കൽ മൈലിന് വെളിയിലാണ് ഇത്തരം കപ്പൽ അപകടങ്ങൾ നടക്കുന്നത്. ഇക്കാര്യത്തിൽ കോസ്റ്റ്ഗാർഡ്, നേവി, ഷിപ്പിംഗ് മന്ത്രാലയം എന്നിവരോട് കൂടുതൽ നിരീക്ഷണം ആവശ്യമാണെന്ന് പ ല ഘട്ടങ്ങളിലും ആവശ്യപ്പെട്ടിട്ടു ണ്ട്. |
| (സി) | ഇത്തരം അപകടങ്ങൾ തടയാനും മത്സ്യമേഖലയിലെ ഭീതി അകറ്റാനും എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി | കപ്പലിടിച്ചുള്ള അപകടങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ 1/2/2018 -ലെ 21001/02/2017 –Fly (Ind) പ്രകാരം കരട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പുറപ്പെടുവിക്കുകയും 10/08/2018 -ന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, മുംബെയുടെ നേതൃത്വത്തിൽ |

സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തീരുമാനിക്കുന്നതിനായി രണ്ടാംഘട്ട ചർച്ച നടത്തുകയുമുണ്ടായി. ടി മീറ്റിംഗുകളിൽ കപ്പൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നമ്മുടെ സംസ്ഥാനം അവതരിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നാവിഗേഷൻ നിയമമനുസരിച്ചുള്ള ലൈറ്റുകൾ, കൊടികൾ, റിഫ്ളക്ടറുകൾ, സെൻസറുകൾ എന്നിവ നിർബന്ധമാക്കണമെന്നും 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളിൽ AIS നിർബന്ധമാക്കണമെന്നും, കേരള തീരത്ത് സജീവ മത്സ്യബന്ധന മേഖലയ്ക്കപ്പുറത്തു കൂടി യാത്ര ചെയ്യാൻ കപ്പലുകൾക്ക് Director General, ഷിപ്പിംഗ് നിർദ്ദേശം നൽകണമെന്നും, ഇതിനപ്പുറം 3 നോട്ടിക്കൽ മൈൽ വീതിയിൽ ഷിപ്പിംഗ് കോറിഡോർ നിശ്ചയിക്കണമെന്നും, അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ കപ്പലുകൾക്ക് നിർദ്ദേശം നൽകണമെന്നുമുള്ള ആവശ്യങ്ങൾ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് 23/10/2018 ന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, എന്നിവരെ പങ്കെടുപ്പിച്ച് നടത്തിയ മീറ്റിംഗിൽ ഇക്കാര്യങ്ങൾ വിലയിരുത്തുകയും മത്സ്യബന്ധന ബോട്ടിലെ സ്രാങ്ക്, ഡ്രൈവർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് നാവിഗേഷൻ നിയമങ്ങളെ സംബന്ധിച്ചും, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ചും പരിശീലനം നൽകുന്നതിന് തീരുമാനിക്കുകയും അതിനനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുകയുമാണ്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ഈ വിഷയം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

ഇതിന് പുറമെ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി 22/11/2018 -ന് കപ്പൽ ചാനലുകൾ സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറത്തായി നിശ്ചയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും കത്തയച്ചിട്ടുണ്ട്.

2018 സെപ്തംബർ മാസം 1 മുതൽ നിലവിൽ വന്ന കെ.എം.എഫ്.ആർ

| | | |
|---|---|---|
| | | റൂളിലൂടെ കേരള തീരത്ത് നിന്നും മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യബന്ധന യാനങ്ങൾക്ക് വെസ്സൽ ട്രാക്കിംഗ് ഡിവൈസ് അല്ലെങ്കിൽ AIS (ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം) നിർബന്ധമാക്കിയിട്ടുണ്ട്. അത് പോലെ നാവിഗേഷൻ ലൈറ്റുകളും മറ്റ് ഉപകരണങ്ങളും, കമ്മ്യൂണിക്കേഷൻ, ജീവൻ രക്ഷാ ഉപകരണങ്ങൾ എന്നിവയും നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ